പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1964 — 25.03.2013 - ൽ മറുപടിയ്ക്ക്

## പയ്യോളി അയനിക്കാട് സനൽരാജിന്റെ ദുരൂഹമരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം<br>,, പി. റ്റി. എ. റഹീം<br>,, ബാബു എം. പാലിശ്ശേരി<br>ശ്രീമതി കെ. കെ. ലതിക | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പയ്യോളി അയനിക്കാട് എന്ന സ്ഥലത്തെ സനൽരാജ് എന്ന ചെറുപ്പക്കാരൻ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് രക്ഷിതാക്കൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് മരണപ്പെട്ട സനൽരാജിന്റെ പിതാവ് ആയ രാജൻ എന്നയാൾ ഒരു പരാതി നൽകിയിട്ടുണ്ട്. ടി പരാതിയിന്മേൽ കോഴിക്കോട് റൂറൽ ജില്ലയിലെ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ. എസ്.പി അന്വേഷണം നടത്തി വരുകയാണ്. |
| (ബി) കോഴിക്കോട് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് വെച്ച് സനൽരാജിനെ ചോദ്യം ചെയ്ത് ഭീഷണിപ്പെടുത്തിയതും പീഡിപ്പിച്ചതുമാണ് മരണത്തിന് കാരണമായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത് ? | (ബി) & (സി) അന്വേഷണ ഉദ്യോഗസ്ഥരിൽനിന്നും ശാരീരികവും മാനസികവുമായ പീഡനം ഉണ്ടായിട്ടില്ല. ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ